# STD - V

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന്   പ്രമാണങ്ങൾ: ജീവനിലേക്കുള്ള വഴി   ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മേ സ്നേഹിക്കുന്ന ദൈവം നമ്മുടെ രക്ഷയ്ക്കായി നിത്യം ജീവിക്കാൻ നൽകിയതാണ് പ്രമാണങ്ങൾ. നന്മ ചെയ്ത് പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കും

### പഠനസഹായികൾ

* പത്ത് പ്രമാണങ്ങൾ - യൂട്യൂബ് വീഡിയോ/ചിത്രങ്ങൾ
* ചാർട്ട് / ചിത്രങ്ങൾ
    - സൂചന പലകകൾ (sign board)
    - ഗതാഗത നിയമങ്ങൾ
    - പാഠഭാഗത്തിലെ ചിത്രങ്ങൾ
* ബൈബിൾ - പുറപ്പാട് 20:5, മത്തായി 19:17, യോഹ. 14:15, പുറപ്പാട് 19:5

### പാഠത്തിന്റെ ഉള്ളടക്കം

* ജീവിതലക്ഷ്യത്തിലെത്താൻ - നിയമങ്ങൾ
* നിയമങ്ങളുടെ അടിസ്ഥാന തത്വം - നന്മ ചെയ്യണം, തിന്മ ചെയ്യരുത്
* നിയമം പാലിക്കുക - നമ്മുടെ കടമ
* ലിഖിത നിയമം, അലിഖിത നിയമം
* നിയമങ്ങൾ രണ്ടു തരം
    - സ്വാഭാവികനിയമം
    - രാഷ്ട്രീയ നിയമം
* ക്രൈസ്തവർ - ദൈവ കല്പനകൾ
    - സഭാ നിയമങ്ങൾ
* ദൈവസ്നേഹം - ഉടമ്പടി

### പ്രാർത്ഥന

"നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പന പാലിക്കും" എന്ന് അരുൾ ചെയ്ത യേശുനാഥാ, അവിടുത്തെ സ്നേഹിക്കുവാനും കല്പനകൾ അനുസരിക്കുവാനും ഞങ്ങൾക്ക് കൃപ നൽകണമേ! ആമ്മേൻ

## ചോദ്യങ്ങൾ

1. ജീവിതയാത്ര മുന്നോട്ടു നയിക്കുന്നതും ലക്ഷ്യത്തിലെത്താൻ സഹായിക്കുന്നതും എന്താണ്?
2. നിയമങ്ങളുടെ അടിസ്ഥാനതത്വം എന്താണ്?
3. നിയമങ്ങൾ എത്രതരം? ഏതെല്ലാം?
4. ലിഖിത നിയമത്തിന് ഒരു ഉദാഹരണം എഴുതുക.
5. എവിടെവച്ചാണ് ദൈവം ഇസ്രായേലുമായി ഉടമ്പടി സ്ഥാപിച്ചത്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് പ്രമാണങ്ങൾ: ജീവനിലേക്കുള്ള വഴി ഭാഗം - രണ്ട്

### ലക്ഷ്യം

മനുഷ്യരോട് ദൈവത്തിനുള്ള അഗാധമായ സ്നേഹത്തിന്റെ അടയാളമാണ് 10 പ്രമാണങ്ങൾ.

ദൈവിക ജീവനിൽ നിലനിൽക്കാനും വളരുവാനും പ്രമാണങ്ങൾ അനുസരിക്കണം

### പഠന സഹായികൾ

* പത്ത് പ്രമാണങ്ങൾ - ചാർട്ട്
* മോശയുടെ ചിത്രം - സീനായ് ഉടമ്പടി
* വചനം: യോഹന്നാൻ 13:35, യോഹന്നാൻ 15:12

### പാഠത്തിന്റെ ഉള്ളടക്കം

* പത്ത് പ്രമാണങ്ങൾ
* സീനായ് ഉടമ്പടി
* ഉടമ്പടി - ജീവിതത്തിന്റെ വഴികാട്ടി
* ദൈവ കല്പനകളുടെ ലംഘനം - പാപം
* പ്രമാണങ്ങൾ - നിത്യജീവനിലേക്കുള്ള വഴി
* പുതിയ ഇസ്രായേൽ - തിരുസഭ
* 1 മുതൽ 3 പ്രമാണങ്ങൾ: ദൈവ - മനുഷ്യബന്ധം
* 4 മുതൽ 10 പ്രമാണങ്ങൾ: സാമൂഹികബന്ധം

### പ്രാർത്ഥന

ദൈവ കല്പനകൾ നിത്യജീവനാണെന്ന് ഞങ്ങളെ പഠിപ്പിച്ച യേശുവേ, പ്രമാണങ്ങൾ അനുസരിക്കുവാനും അതുവഴി നിത്യജീവൻ പ്രാപിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ

### ചോദ്യങ്ങൾ

1. പ്രമാണങ്ങളുടെ അന്തഃസത്ത എന്ത്?
2. ദൈവം തിരഞ്ഞെടുത്ത പുതിയ ഇസ്രായേൽ ആരാണ്?
3. ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ എന്തു ചെയ്യണം?
4. ദൈവ-മനുഷ്യബന്ധം സൂചിപ്പിക്കുന്ന പ്രമാണങ്ങൾ ഏവ?
5. ദൈവപ്രമാണങ്ങളുടെ ലംഘനം എന്ത്?